Musiris Musings

THE MAGIC OF ROTARY

Club No. :15856 WEEKLY NEWS BULLETIN OF ROTARY CLUB OF KODUNGALLUR RI District : 3201

# ബിസിനസ്സ് മീറ്റിംഗ് 2024 ജൂലൈ 5



**BUSINESS MEETING**




**GOVRNOR'S INSTALLATION**

05.07.2024 വെള്ളിയാഴ്ച പ്രസിഡന്റ് Rtn. ടി.എൽ. സത്യന്റെ അധ്യക്ഷതയിൽ വൈകീട്ട് 8.05ന് ബിസിനസ്സ് മീറ്റിംഗ് ആരംഭിച്ചു.

സർജന്റ് അറ്റ് ആം Rtn. ടി.പി. ഷാനവാസ് പ്രസിഡന്റിനെ കോളർ ചെയ്തു.

Rtn. ഡോ. പി. ശശികുമാർ റോട്ടറി ഇൻവൊക്കേഷനും ഫോർവേ ടെസ്റ്റും ചൊല്ലിക്കൊടുത്തു.

ജൂലൈ 1ന് കോയമ്പത്തൂരിൽ നടന്ന ഡിസ്ട്രിക്റ്റ് ഗവർണ്ണർ ഞെ. അഡ്വ. സുന്ദരവടിവേലുവിന്റെ ഇൻസ്റ്റലേഷനും ജൂൺ 30ന് കൊടുങ്ങല്ലൂർ ലയൺസ് ക്ലബ്ബിന്റെ ഇൻസ്റ്റലേഷനും ജൂലൈ 2ന് പറവൂർ റോട്ടറി ക്ലബ്ബിന്റെ ഇൻസ്റ്റലേഷനും ക്ലബ്ബിൽ നിന്ന് Rtn.മേജർ ജനറൽ പി. വിവേകാനന്ദൻ, Rtn. കെ.എസ്. പ്രവീൺലാൽ, Rtn.ഇ. എസ്. രാജൻ, റോട്ടറി ആൻ പത്മ വിവേകാനന്ദൻ, പ്രസിഡന്റ് എന്നിവർ പങ്കെടുത്ത വിവരവും അറിയിച്ചു.

2024 ജൂലൈ 3ന് കൂടിയ ഡയറക്ടർബോർഡ് മീറ്റിംഗിലെ തീരുമാനങ്ങൾ പ്രസിഡന്റ് ജനറൽബോഡി യോഗത്തിൽ അവതരിപ്പിച്ചു.

ക്ലബ്ബ് ഡ്യൂസ് 20,000 രൂപ നിലനിർത്തുന്നതോടൊപ്പം ക്ലബ്ബ് തുടർന്നു വരുന്ന സ്നേഹാമൃതം എന്ന ദിവസേന അർഹരായവർക്ക് ഒരു നേരത്തെ ഉച്ചഭക്ഷണം നൽകുന്ന സൽക്കർമ്മത്തിന് എല്ലാ മെമ്പർമാരും കഴിയുന്നതും 2000 രൂപയെങ്കിലും നൽകണമെന്നും അഭ്യർത്ഥിച്ചു.

ജൂലൈ മാസം 12ന് നടക്കുന്ന വീക്കിലി മീറ്റിംഗിൽ ക്ലബ്ബ് സ്പീക്കറായി ഞെ. സി.എസ്. മോഹനനെ നിശ്ചയിച്ചു.

ജൂലൈ 13, 14 തിയ്യതികളിൽ ബാച്ചിലർ ടൂർ പോകുന്നതിന് തീരുമാനിച്ചു. കോർഡിനേറ്ററായി Rtn. പി.എസ്. ശ്രീകുമാറിനെ തിരഞ്ഞെടുത്തു.

ജൂലൈ 18ന് ശൃംഗപുരം ഗവ.എൽ.പി. സ്കൂളിൽ ഐ.ഡി.എ. കൊടുങ്ങല്ലൂർ മേഖലയുമായി ചേർന്ന് വിദ്യാർത്ഥികൾക്കായി ഒരു സൗജന്യ ദന്തപരിശോധനാക്യാമ്പ് നടത്തുവാനും അതിന്റെ കോർഡിനേറ്ററായി Rtn. ഡോ. അർജ്ജുൻ പ്രകാശിനെയും നിയമിച്ചു.

ജൂലൈ 28ന് എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി വർണ്ണോത്സവം 2024 എന്ന പേരിൽ ചിത്രരചനാമത്സരം നടത്തുന്നതിനുള്ള ചെയർമാനായി ഞെ. ടി.സി. ബോസിനെയും കൺവീനറായി Rtn. എൻ.ആർ. ജിജുവിനെയും ചുമതലപ്പെടുത്തി.

റോട്ടറി ക്ലബ്ബിന്റെ ഹാൾ പൊതുപരിപാടികൾക്ക് നൽകി പരമാവധി ആളുകളിലേക്ക് റോട്ടറി ഹാളിനെക്കുറിച്ച് അറിയാനുള്ള അവസരം ഉണ്ടാക്കുവാനും അതിലൂടെ ഫണ്ട് സ്വരൂപിക്കുവാനും ചെയർമാനായി Rtn. കെ.പി. സോംകുമാറിനെയും കൺവീനറായി Rtn. ഇ.എസ്. രാജനെയും തിരഞ്ഞെടുത്തതോടൊപ്പം ഹാൾ വാടകയ്ക്ക് കൊടുക്കുമ്പോളുള്ള നിയമാവലിയും വാങ്ങേണ്ട വാടകയും തീരുമാനിക്കാൻ കമ്മിറ്റിക്കാരായി പ്രസിഡന്റ്, സെക്രട്ടറി എന്നിവരോടൊപ്പം Rtn. കെ.എസ്. പ്രവീൺലാൽ, Rtn. മേജർ ജനറൽ പി. വിവേകാനന്ദൻ, Rtn. ടി.പി. ഷാനവാസ്, Rtn. എൻ.ആർ. ജിജു എന്നിവരെ ചുമതലപ്പെടുത്തി.

BLOSSOM
# Musiris Musings
THE MAGIC OF ROTARY
Club No. :15856 WEEKLY NEWS BULLETIN OF ROTARY CLUB OF KODUNGALLUR RI District : 3201



**BOARD MEETING**




**ATTENDING INSTALLATION OF RC PARAVUR**

റോട്ടറി ക്ലബ്ബിന്റെ ഹാൾ പൊതുപരിപാടികൾക്ക് നൽകി പരമാവധി ആളുകളിലേക്ക് റോട്ടറി ഹാളിനെക്കുറിച്ച് അറിയാനുള്ള അവസരം ഉണ്ടാക്കുവാനും അതിലൂടെ ഫണ്ട് സ്വരൂപിക്കുവാനും ചെയർമാനായി Rtn. കെ.പി. സോംകുമാറിനെയും കൺവീനറായി Rtn. ഇ.എസ്. രാജനെയും തിരഞ്ഞെടുത്തതോടൊപ്പം ഹാൾ വാടകയ്ക്ക് കൊടുക്കുമ്പോളുള്ള നിയമാവലിയും വാങ്ങേണ്ട വാടകയും തീരുമാനിക്കാൻ കമ്മിറ്റിക്കാരായി പ്രസിഡന്റ്, സെക്രട്ടറി എന്നിവരോടൊപ്പം Rtn. കെ.എസ്. പ്രവീൺലാൽ, Rtn. മേജർ ജനറൽ പി. വിവേകാനന്ദൻ, Rtn. ടി.പി. ഷാനവാസ്, Rtn. എൻ.ആർ. ജിജു എന്നിവരെ ചുമതലപ്പെടുത്തി.

IPP Rtn. ടി. രാജൻ 2023-24 വർഷത്തെ കണക്കുകൾ പൂർത്തിയായതായി അറിയിച്ചു. ട്രഷറർ Rtn. ടി.പി. ഷാനവാസ് വരവ്-ചെലവ് കണക്ക് അവതരിപ്പിച്ചു.

ക്ലബ്ബ് സർവ്വീസ് ഡയറക്ടർ Rtn. കെ.എസ്. പ്രവീൺലാൽ ഡയറക്ടർ ബോർഡ് മീറ്റിംഗിലെ പ്രധാന തീരുമാനങ്ങളെപ്പറ്റി വിവരിച്ചു.

യുവജനങ്ങളുടെ അംഗത്വം കൂട്ടുന്നതിന് 40 വയസ്സിൽ താഴെയുള്ളവർക്ക് 50000 രൂപ മെമ്പർഷിപ്പ് ഫീ വാങ്ങി അംഗമാക്കാനും Rtn. ശിവപ്രസാദിൽ നിന്നും 50,000 രൂപ വാങ്ങി അംഗത്വം സ്ഥിരപ്പെടുത്തുവാനും 40 വയസ്സിനു മുകളിലുള്ളവരുടെ അംഗത്വഫീസ് 1,00,000 രൂപ തന്നെയായി നിലനിർത്തുവാനും എടുത്ത തീരുമാനം അറിയിച്ചു.

ക്ലബ്ബ് നടത്തുന്ന എല്ലാ ജീവകാരുണ്യ പ്രവർത്തനങ്ങളിലും ആഘോഷങ്ങളിലും കഴിയാവുന്നത്ര റൊട്ടേറിയൻസ് പങ്കെടുക്കണമെന്നും സ്ഥലത്തുള്ള മെമ്പർമാർ എല്ലാ മീറ്റിംഗുകളിലും പങ്കെടുക്കണമെന്നും അഭ്യർത്ഥിച്ചു.

ഈ വർഷത്തെ ഫാമിലി ടൂർ ദുബായ് ആണ് നിശ്ചയിച്ചിട്ടുള്ളതെന്നും കഴിയാവുന്നത്ര മെമ്പർമാർ സഹകരിച്ച് വിജയിപ്പിക്കണമെന്നും അഭ്യർത്ഥിച്ചു.

ജൂലൈ 5-ലെ മീറ്റിംഗിന്റെ ഫുഡ് ഓഫ് ചോയ്സ് ഡോ. മാർട്ടിൻ പി. ജോസഫ് വിഭവസമൃദ്ധമായി നിർവ്വഹിച്ചു. അദ്ദേഹത്തിന് പ്രസിഡന്റ് എല്ലാ മെമ്പർമാരുടെയും പേരിൽ നന്ദി അറിയിച്ചു.

12-ാം തിയ്യതിയിലെ മീറ്റിംഗിന്റെ ഫുഡ് ഓഫ് ചോയ്സ് വിന്നർ Rtn. പി. രാജൻ മേനോനാണ്.

മീറ്റിംഗിൽ പങ്കെടുത്ത എല്ലാ മെമ്പർമാർക്കും സെക്രട്ടറി Rtn.. എം.എ. ജോഷി നന്ദി രേഖപ്പെടുത്തി.

9.20ന് മീറ്റിംഗ് അവസാനിച്ചു.

Rtn. ടി.എൽ. സത്യൻ
പ്രസിഡന്റ്

Rtn. എം.എ. ജോഷി
സെക്രട്ടറി